

# കരച്ചിലിന്റെ മനഃശാസ്ത്രം

ഗാന പി.സി

ഉച്ചത്തിൽ
കരയാൻ
പഠിക്കേണ്ടതുണ്ട്
ഒരു കുഞ്ഞ്
കരയുന്നതുപോലെ
കരയാൻ പാടില്ല
എന്തോ കണ്ട്
നിലവിളിക്കുന്നതാണെന്ന്
ആരെയും
പറയിപ്പിക്കരുത്
ഉള്ളുനൊന്തുള്ള
വേദനക്ക്
ഒരു അഭിനേത്രിയുടെ
മുഖഭാവം
പാടില്ല
കാറ്റും മഴയും
ഉള്ളപ്പോൾ
തികച്ചും കരയാതെ
ശ്രദ്ധിക്കണം
കിടന്നും
ഇരുന്നും കരയുമ്പോൾ
ആലോചിച്ചിട്ട്
തന്നെയാവണം
എങ്ങനെ
കരഞ്ഞാലും
നമ്മൾ
ഉച്ചത്തിൽ കരയാൻ
പഠിക്കേണ്ടതുണ്ട്...
■

# നരച്ച നിഴലിന്റെ മന്ദഹാസം

മജീദ് എരമംഗലം

എന്റെയൊരു
ചിത്രം വേണം.
പരതി
പഴയ പെട്ടികൾ,
ആൽബങ്ങൾ,
കരുതിവെച്ച
പുസ്തകത്താളുകൾ
ഒടുവിലൊരു
നെഗറ്റീവ്
മുടി നരച്ച്
മെയ് കറുത്ത്
കണ്ടു കണ്ട്
സങ്കടമെന്നെക്കവിഞ്ഞു.
പതുക്കെ
മനസ്സിലൂടൊരു വൃദ്ധൻ
പുറംതിരിഞ്ഞ് നടക്കുന്നു
പഴകുന്ന കാഴ്ച
മുഷിയുന്ന വാക്ക്
മങ്ങുന്ന വെട്ടം
ചൂടറ്റ വെയിലിലെ
മന്ദാരം ■

# 'ജൈവ' മാറ്റം

സക്കിയ സക്കരിയ, വെങ്ങന്നൂർ

**പ**ഴമക്കാർ കൊന്നത്തറിയും
പാഴ്ചെടികളും കൊണ്ട് വളപ്പുകെട്ടിയപ്പോൾ-
അന്നതിന് പേര് വേലി
ഇന്നത് ജൈവ വേലി
ചാരവും ചാണകവും ചെടിക്കാഹാരമായ്
നൽകിയപ്പോൾ അന്നതിന് പേര്
വളം
ഇന്നത് ജൈവ വളം.
അന്നത്തെ കൃഷി
ഇന്ന് ജൈവ കൃഷി
അന്നത് വെറും കരിക്കിൻ വെള്ളം.
ഇന്നത് ജൈവ പാനീയം.
ന്യൂഡിൽസിനും സാൻവിച്ചിനുമിടയിൽ,
ഇന്നത്തെ ചോറ് നാളെ ജൈവാഹാരം.
വീടും വാഹനവും വരെ റോബോട്ട്
കൈയടക്കും കാലം അന്ന് റോബോട്ട് പറയും
'ആ പോകുന്നതാണ് ജൈവ മനുഷ്യൻ!'
■



യാസിർ പാടൂർ

# കസേര

**കാ**ലില്ലാത്ത കസേരയിലാണ്
അവരെന്നെ ആനയിച്ചിരുത്തിയത്...
തൂവലില്ലാത്ത കിരീടമാണ്
അവരെനിക്ക് ചൂടി തന്നത്...
കസേരക്കൊരു കാല് ഘടിപ്പിച്ചപ്പോൾ
കിരീടത്തിന് തൂവല് ചാർത്തിയപ്പോൾ
അതിന്റെ അവകാശി ഞാനല്ലാതായി...

Vol. No: 70 Issue No. 32 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla